പൊതുജന സമ്പർക്ക പരിപാടിയിൽ വിതരണം ചെയ്ത ധനസഹായം

4 [777] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

മുഖ്യമന്ത്രിയുടെ പൊതുജന സമ്പർക്ക പരിപാടിയിൽ ആകെ എത്ര തുക ചികിത്സാ ധനസഹായമായി ഒരോ ജില്ലയിലും വിതരണം ചെയ്യുകയുണ്ടായെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

അനുബന്ധമായി ചേർത്തിരിക്കുന്നു. †

മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി

5 [778] ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച പരാതികൾ ഏതെല്ലാം വിഭാഗത്തിൽപ്പെട്ടതാണെന്ന് വിശദമാക്കാമോ ?

ഉത്തരം

ചികിത്സാ സഹായത്തിനും, ദുരിതാശ്വാസ സഹായത്തിനും, വിവിധ ക്ഷേമ പെൻഷനുകൾക്കുള്ള അപേക്ഷകൾ, ആശ്രിത നിയമനം തുടങ്ങി സർക്കാരിൽ നിന്നും ലഭിക്കേണ്ട വിവിധ സഹായങ്ങൾക്കും ഉത്തരവുകൾക്കും പരിഹാരങ്ങൾക്കും വേണ്ടിയുള്ള അപേക്ഷകൾ ആണ് ലഭിച്ചത്. പെൻഷൻ, വിവിധ സർട്ടിഫിക്കറ്റുകൾ, പൊതു ആവശ്യങ്ങൾ, വികസന പ്രവർത്തനങ്ങൾ എന്നിവയ്ക്കുവേണ്ടിയുള്ള അപേക്ഷകളും ഉൾപ്പെടുന്നു.

കേന്ദ്ര സർവ്വീസിൽ നിന്നുള്ള ഡെപ്യൂട്ടേഷൻ ഉദ്യോഗസ്ഥർ

6 [779] ശ്രീ. വി. ഡി. സതീശൻ :

,, എൻ. ഡി. അപ്പച്ചൻ :

,, കെ. മുഹമ്മദാലി :

,, എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര ഗവൺമെന്റ് സർവീസിൽ നിന്നും സംസ്ഥാന ഗവൺമെന്റിനു നിയന്ത്രണമുള്ള ഓഫീസുകളിലേക്ക് ആളുകളെ ഡെപ്യൂട്ടേഷനിൽ നിയമിക്കാറുണ്ടോ ;

† അനുബന്ധം-I

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ അവരുടെ ഡെപ്യൂട്ടേഷൻ കാലാവധി കഴിയുമ്പോൾ മടങ്ങിപ്പോകുവാൻ അവർ ബാദ്ധ്യസ്ഥരാണോ ;

(സി) അവരുടെ ഡെപ്യൂട്ടേഷൻ കാലാവധി തീർന്നതിനുശേഷവും അവർ തുടരുന്നത് ക്രമാനുസൃതമാണോ ;

(ഡി) അവരുടെ ഡെപ്യൂട്ടേഷൻ കാലാവധി തീർന്നതിനുശേഷം അവരെ പുനർനിയമിക്കാതെ അവർ വൻതുകകൾ ഉൾക്കൊള്ളുന്ന ചെക്ക് ഒപ്പിടുന്നത് ക്രമാനുസൃതമാണോ ; ആണെങ്കിൽ എപ്രകാരമാണെന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ, ബി, സി, & ഡി) വിവരം ശേഖരിച്ചുവരുന്നു.

കൊച്ചിയിലെ ഗോശ്രീ പ്രോജക്ടിന്റെ പുരോഗതി

7 [780] പ്രൊഫ. കെ. വി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചിയിലെ ഗോശ്രീ പ്രോജക്ടിന്റെ പുരോഗതി എത്രമാത്രമായി ;

(ബി) പ്രോജക്ടിനായി വികസിപ്പിച്ച ഭൂമിയുടെ വില്പന തീരുമാനമായോ ;

(സി) ഭൂമി വില്പനയിൽ നിന്നുള്ള തുക എങ്ങനെ ചെലവാക്കാനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) ഗോശ്രീ പദ്ധതിയിൽപ്പെട്ട മൂന്ന് പാലങ്ങളുടേയും അനുബന്ധ റോഡുകളുടേയും പണി പൂർത്തിയാക്കി വാഹന ഗതാഗതത്തിന് പാലങ്ങൾ തുറന്നുകൊടുത്തു. പാലങ്ങൾ വഴി ബസ്റൂട്ട് അനുവദിക്കുകയും ബസ്സുകൾ ഓടിത്തുടങ്ങുകയും ചെയ്തിട്ടുണ്ട്.

(ബി) ഗോശ്രീ നികത്തുഭൂമിയുടെ വില്പനയ്ക്കായി ആഗോള ടെണ്ടർ വിളിച്ചിരിക്കുകയാണ്. 2005 ഫെബ്രുവരി 16-ാം തീയതിയാണ് ടെണ്ടർ തുറക്കുന്നത്.

(സി) ഭൂമി വില്പനയിൽ നിന്നുള്ള തുക ബാങ്കിലെ കടം വീട്ടുന്നതിനും ബാക്കി തുക ദ്വീപുകളുടെ സമഗ്ര വികസനത്തിനും ഉപയോഗിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly